# “കാൽവറിയിലെ സ്നേഹം”

## യിരെമ്യാവു 31:3

‘‘നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.’’

ഒരു അമ്മയുടെ കഥ പറഞ്ഞുകൊണ്ട് ആരംഭിക്കട്ടെ. ജോലി അംഗൻവാടിയിൽ കുട്ടികൾക്ക് ആഹാരം പാചകം ചെയ്യുക. അംഗൻവാടിയിലെ ജോലി കഴിഞ്ഞ് വീടുകളിൽ ജോലിക്കു പോകും. ഈ അമ്മയുടെ ഒരു കണ്ണ് നഷ്ടപ്പെട്ടതാണ്. തന്റെ മകനെ പഠിപ്പിക്കാനായി കഠിനാ ധ്വാനം ചെയ്തു ഈ അമ്മ ജീവിക്കുന്നു.

മകൻ പഠിക്കുന്ന സ്ക്കൂളിൽ ഈ അമ്മ ചെല്ലുന്നത് മകന് ഇഷ്ടമില്ല. കൂട്ടുകാർ അടക്കം പറ യുന്നത് അവന് സഹിക്കാൻ കഴിയുന്നില്ല, ‘ഒറ്റക്കണ്ണി അമ്മ’. മകൻ അമ്മയോട് പറഞ്ഞു അമ്മ എന്നെ കാണാൻ സ്ക്കൂളിൽ വരരുത്, വന്നാൽ ഞാൻ എവിടെയെങ്കിലും ഓടി പ്പോകും. മകന്റെ കോപം മനസ്സിലാക്കാൻ അമ്മയ്ക്ക്, അമ്മയുടെ സ്നേഹം നിറഞ്ഞ ഹൃദയത്തിന്, ഒരു പ്രയാസവും ഉണ്ടായില്ല. പിന്നെ, അമ്മ മകനെ കാണാൻ സ്ക്കൂളിൽ പോയിട്ടില്ല. കാലം കുറെ മുന്നോട്ടു പോയി. മകന്റെ പഠനം കഴിഞ്ഞു. അമ്മ കഠിനമായി അദ്ധ്വാനിച്ച് മകന് നല്ല വിദ്യാഭ്യാസം കൊടുത്തു.

അടുത്തുള്ള പട്ടണത്തിൽ മകന് നല്ല ഒരു ജോലി ലഭിച്ചു. ഈ മകൻ അമ്മയെ കാണാൻ ഒരിക്കൽപോലും മടങ്ങിവന്നില്ല. ഗ്രാമവാസികൾ പറഞ്ഞ് മകന്റെ സ്ഥിതിയൊക്കെ ഈ അമ്മ അറിയും. അവനുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കും. മകൻ ജോലി ചെയ്ത പട്ട ണത്തിൽ ഒരു വിവാഹ ബന്ധത്തിലും പ്രവേശിച്ചു. രണ്ടു കുഞ്ഞുങ്ങളായി അവർ വീടു പണിതു സുഖമായി ജീവിക്കുന്നു.

ഒരു ദിവസം ഈ അമ്മ മകനെ ഒരു നോക്കു കാണാനായി പട്ടണത്തിലേക്കു പോയി. മകന്റെ വീടു കണ്ടുപിടിച്ചു. ഗേറ്റിൽ തട്ടി. കുട്ടികൾ മുറ്റത്തു കളിച്ചുകൊണ്ടിരുന്നു. അവർ കണ്ടിട്ട് ഉറക്കെ വിളിച്ചു പറഞ്ഞു – ഒരു ഒറ്റക്കണ്ണി ഗേറ്റിൽ മുട്ടുന്നു.

മകൻ ഇറങ്ങി വന്നു. അവനു കോപമാണുണ്ടായത്. അമ്മ ഇവിടെ ഏന്തിനു വന്നു? എന്നെ ഇനിയും നാണം കെടുത്താനാണോ ഉദ്ദേശ്യം! പാവം അമ്മ! ഹൃദയംപൊട്ടി കരഞ്ഞു. ഇല്ല മോനേ, ഞാൻ പോകുന്നു. ഇനിയും വരില്ല.

കുറെനാൾ കൂടി കഴിഞ്ഞു. ഈ മകൻ താൻ പഠിച്ച സ്ക്കൂളിൽ പൂർവ്വ വിദ്യാർത്ഥി സംഗമ ത്തിനു വന്നു. അതിനുശേഷം തന്റെ വീടു ഒന്നു കാണാനായി ആ വഴിയിലേക്കു പോയി.

അയൽവാസികൾ തിരിച്ചറിഞ്ഞു. അവർ പറഞ്ഞു: മകനെ നീ താമസിച്ചുപോയി, നിന്റെ അമ്മ കടന്നുപോയി. നിന്നെ കാണാൻ വളരെ ആഗ്രഹിച്ചു. ഇതാ, ഒരു കത്ത് നിനക്കു തരുവാൻ ഏല്പിച്ചിട്ടുണ്ട്.

മകൻ കത്തു വാങ്ങി തന്റെ കാറിലിരുന്ന് വായിച്ചു. എന്റെ സ്നേഹം നിറഞ്ഞ പൊന്നു മോന്, ഞാൻ നിന്നെ കാണാൻ വളരെ ആഗ്രഹിച്ചു, കാണാൻ കഴിഞ്ഞില്ല. നീ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ഒരു സത്യം ഉണ്ട്. നിനക്കു മൂന്നു വയസ്സു പ്രായം ഉള്ളപ്പോൾ ഉണ്ടായ അപകടത്തിൽ നിന്റെ ഒരു കണ്ണു പൂർണ്ണമായി നഷ്ടപ്പെട്ടു. എന്നാൽ, തുടർന്നുള്ള ജീവിത കാലം മുഴുവൻ നീ ഒറ്റക്കണ്ണനായി ജീവിക്കരുത്, മറ്റുള്ളവർ നിന്നെ പരിഹസിക്കരുത് എന്ന ചിന്തയാൽ ഞാൻ എന്റെ കണ്ണ് നിനക്കായി തന്നു. ഞാൻ നൽകിയ ആ കണ്ണുകൊണ്ട് ഈ ലോകത്തെ കണ്ട് സന്തോഷമുള്ളവനായി, സൗന്ദര്യമുള്ളവനായി, ആരോഗ്യമുള്ളവനായി നീ ജീവിക്കുന്നതോർത്ത് എനിക്കു സന്തോഷമുണ്ട്. ഈ കത്ത് നീ കാണുമ്പോൾ ഒരു പക്ഷെ, ഞാൻ ജീവനോടെ ഉണ്ടാകണമെന്നില്ല. ഞാൻ മരിച്ചുപോയാലും എന്റെ കണ്ണ് നിന്നിലൂടെ ജീവിക്കുന്നതിനാൽ എനിക്കു സന്തോഷമുണ്ട്. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. എന്ന് സ്നേഹത്തോടെ, സ്വന്തം അമ്മ.

കാൽവറി ക്രൂശിൽ സ്വന്തം ജീവനെ തന്നവനായ യേശു നമ്മെ നോക്കി ചോദിക്കുകയാണ്: മകനെ, മകളെ, നീ ദൈവപൈതൽ എന്നു പറയാൻ ലജ്ജയുണ്ടോ? നീ ക്രിസ്ത്യാനി എന്നു പറയുവാൻ ലജ്ജിക്കുന്നുവോ? എനിക്കുവേണ്ടി വേല ചെയ്യുവാൻ നിനക്കു മനസ്സുണ്ടോ? എന്നെ ആരാധിപ്പാൻ മടിക്കുന്നവോ?

ആ കാൽവറിക്രൂശിൽ അവസാനതുള്ളി രക്തം വരെ ഞാൻ നിനക്കു തന്നു. ആ രക്തം നിന്റെ പാപമോചനത്തിനായി, ശാപത്തിനായി, വിടുതലിനായി, നിത്യരക്ഷയ്ക്കായി തീർന്നില്ലേ? ഈ ഭൂമിയിൽ നീ സന്തോഷത്തോടും, സമാധാനത്തോടും ആയിരിപ്പാൻ, ആരോഗ്യമുള്ളവനായിരിപ്പാൻ, സൗന്ദര്യമുള്ളവനായിരിപ്പാൻ, മാന്യതയുള്ളവനായിരിപ്പാൻ സാധിച്ചില്ലേ?

നമുക്കും പറയാം കർത്താവേ, നീ നിന്നെത്തന്നെ ഞങ്ങൾക്കു തന്നതുകൊണ്ട് ഇന്നു ഞങ്ങൾ സന്തോഷത്തോടെയിരിക്കുന്നു, തൃപ്തരായിരിക്കുന്നു, ആരോഗ്യമുള്ളവരായിരിക്കുന്നു. കർത്താവേ നീ കല്പിക്കുന്നത് എന്തും പ്രവർത്തിപ്പാൻ അവിടുത്തെ കരങ്ങളിലേക്ക് ഞങ്ങളെ ഏല്പിച്ചു തരുന്നു. കർത്താവിന്റെ ആ വലിയ സ്നേഹത്തിന്റെ മുമ്പിൽ നമ്മെത്തന്നെ സമർപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പരാമർശം :

യോഹന്നാൻ 15:9

പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിക്കുവിൻ.

## സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 012